എ.വൈ.ആർ

സൂറ-10

# യൂനുസ്

## ആമുഖം

**യഹൂദരും** ക്രൈസ്തവരും 'യോനാ' എന്നും 'ജോൺസ്' എന്നും വിളിക്കുന്ന ഇസ്രയേലീ പ്രവാചകനാണ് 'യൂനുസ്.' ബൈബിളിൽ ഇദ്ദേഹത്തിന്റെ പേരിൽ ഒരു പുസ്തകമുണ്ട് - 'യോനായുടെ പുസ്തകം.' അമിത്താ എന്നയാളിന്റെ പുത്രനാണിദ്ദേഹമെന്ന് അതിൽ പറയുന്നു. ബി.സി 8-ാം നൂറ്റാണ്ടിൽ ജെറോ ബോം രാജാവ് നിനവെ ഭരിച്ചിരുന്ന കാലത്ത് യൂനുസ്(അ) അവിടെ പ്രവാചകനായി നിയോഗിക്കപ്പെട്ടു. അക്കാലത്ത് ഇറാഖിൽ ഇന്നത്തെ മൗസിൽ പട്ടണത്തിനു എതിർവശത്തായി ടൈഗ്രീസ് നദിയുടെ കിഴക്കേ തീരത്ത് സ്ഥിതിചെയ്തിരുന്ന മഹാനഗരമായിരുന്നു നിനവെ. യൂനുസ് നബിയുടെ ചരിത്ര വിവരണം എന്ന നിലക്കല്ല ഈ സൂറക്ക് 'യൂനുസ്' എന്ന് നാമകരണം ചെയ്യപ്പെട്ടത്. യൂനുസ് എന്ന നാമം പരാമർശിക്കുന്ന സൂറ എന്നേ വിവക്ഷയുള്ളൂ. യൂനുസ് നബിയെക്കുറിച്ച് ഈ സൂറയിൽ ഒന്നും പറയുന്നില്ല. 98-ാം സൂക്തത്തിൽ അദ്ദേഹത്തിന്റെ പേരു പരാമർശിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ ജനതയെക്കുറിച്ചു പറയാനാണ്. *അൽ അമ്പിയാഅ്, ഹ്സ്സ്വിലത്, അൽഖലം* എന്നീ സൂറകളിൽ ഈ പ്രവാചകനെയും സമൂഹത്തെയും കുറിച്ച് കുറേക്കൂടി വിശദമായ പരാമർശങ്ങളുണ്ട്.

യൂനുസ് നബിയെക്കുറിച്ച് ബൈബിളിന്റെ വിവരണവും ഖുർആന്റെ വിവരണവും തമ്മിൽ വലിയ അന്തരമുണ്ട്. ദൈവം നിനവെയിലേക്ക് പ്രവാചകനായി നിയോഗിച്ച യൂനുസ് നബി അങ്ങോട്ടു പോകാൻ കൂട്ടാക്കാതെ തർശൂശിലേക്ക് പോയതാണ് അദ്ദേഹം മത്സ്യോദരത്തിലകപ്പെടാൻ കാരണമെന്ന് ബൈബിൾ പറയുന്നു. നിനവെയിൽ കുറേനാൾ പ്രവർത്തിച്ചിട്ട് നാട്ടുകാർ തന്റെ പ്രബോധനം സ്വീകരിക്കാൻ കൂട്ടാക്കാത്തതിൽ ക്ഷുഭിതനായ അദ്ദേഹം ദൈവത്തിന്റെ അനുമതിതേടാതെ അവിടം വിട്ടുപോയതാണ് മത്സ്യത്തിന്റെ വായിലകപ്പെടുക എന്ന ശിക്ഷണ നടപടിക്ക് വിധേയനാകാൻ കാരണമെന്നാണ് ഖുർആൻ വ്യക്തമാക്കുന്നത്. മത്സ്യോദരത്തിലകപ്പെട്ട യൂനുസ്(അ) സ്വന്തം തെറ്റു മനസ്സിലാക്കുകയും പശ്ചാത്തപിക്കുകയും ചെയ്തു. അല്ലാഹു ആ പശ്ചാത്താപം സ്വീകരിക്കുകയും വീണ്ടും നിനവെയിൽ ചെന്ന് പ്രബോധനം തുടരാൻ കൽപിക്കുകയും ചെയ്തു. ആസന്നമായ ഘോരവിപത്തിനെക്കുറിച്ച് അദ്ദേഹം ജനങ്ങൾക്ക് മുന്നറിയിപ്പു നൽകി. ജനങ്ങൾ ആ മുന്നറിയിപ്പ് ഉൾക്കൊണ്ടു. അങ്ങനെ അവരെ രക്ഷപ്പെടുത്തിയതിൽ സന്തുഷ്ടനാകുന്ന യൂനുസ് നബിയെയാണ് ഖുർആൻ അവതരിപ്പിക്കുന്നത്. എന്നാൽ ബൈബിളിലെ യോനാ, ദൈവം ആ ജനതയെ നശിപ്പിക്കാതിരുന്നതിൽ പ്രതിഷേധിച്ച് മരിച്ചുകിട്ടാൻ കൊതിക്കുകയാണ്.

അല്ലാഹു ഒരിടത്തേക്ക് തെരഞ്ഞെടുത്തയച്ച പ്രവാചകൻ അങ്ങോട്ടു പോകാതെ മറ്റെങ്ങോട്ടെങ്കിലും പലായനം ചെയ്യുക, സത്യപ്രബോധനം സ്വീകരിച്ച് ജനങ്ങൾ ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെട്ടതിൽ പ്രതിഷേധിച്ച് ആത്മാഹുതിക്കൊരുങ്ങുക ഇതൊന്നും ഒരു പ്രവാചകനെക്കുറിച്ച് ചിന്തിക്കാനേ കഴിയാത്ത കാര്യങ്ങളാണ്. ഇസ്രായീല്യർ സ്വന്തം പ്രവാചകന്മാരുടെ ചരിത്രം വികൃതമാക്കി അവതരിപ്പിക്കുന്നതിന്റെ ഉദാഹരണമാണിത്.

യോനായുടെ പുസ്തകം യഥാർഥത്തിൽ ബൈബിളിന്റെ ഭാഗം തന്നെയാണോ, അതല്ല പിന്നീട് കൂട്ടിച്ചേർക്കപ്പെട്ട ഐതിഹ്യമാണോ എന്നൊരു തർക്കം വേദക്കാർക്കിടയിൽ തന്നെയുണ്ട്. യോനാ മൂന്നുനാൾ തിമിംഗലത്തിന്റെ വയറ്റിനുള്ളിൽ ജീവനോടെയിരുന്നു എന്ന പ്രസ്താവന ചിലർക്ക് അവിശ്വസനീയമായി തോന്നുന്നതാണ് ഈ തർക്കത്തിനാധാരം. എന്നാൽ അത് ഭൗതിക ശാസ്ത്രപരമായിത്തന്നെ സംഭവ്യമാണെന്നും സംഭവിച്ചിട്ടുണ്ടെന്നും മറുപക്ഷം വാദിക്കുന്നു. വിചിത്രമെന്നു പറയട്ടെ, ദൈവം നിയോഗിച്ച ഒരു പ്രവാചകൻ തുടക്കത്തിലേ ദൈവകൽപന ധിക്കരിച്ച് തനിക്ക് തോന്നിയ വഴിക്ക് പോയതോ, ജനങ്ങളെ ഐഹികവും പാരത്രികവുമായ ശിക്ഷകളിൽനിന്ന് രക്ഷിക്കാൻ ആഗതനായ പ്രവാചകൻ ആ ജനങ്ങളെ ദൈവം നശിപ്പിക്കാത്തതിൽ കോപാകുലനാകുന്നതോ അവിശ്വസനീയമായി അവരിൽ ആർക്കും തോന്നുന്നില്ല.

സൂറ യൂനുസ് അവതരിച്ചത് പ്രവാചകന്റെ മക്കാ ജീവിതത്തിലാണെന്ന് അതുസംബന്ധിച്ച നിവേദനങ്ങളിൽനിന്ന് വ്യക്തമാകുന്നു. ഉള്ളടക്കത്തിന്റെ സ്വഭാവം സൂചിപ്പിക്കുന്നതും അതുതന്നെയാണ്. സൂറ ആദ്യാവസാനം ഒരേ അവസരത്തിൽ അവതരിച്ചതായി കരുതപ്പെടുന്നു. പല അവസരങ്ങളിലായി അവതരിച്ചതിന്റെ ലക്ഷണങ്ങൾ സൂക്തങ്ങൾക്കിടയിൽ കാണപ്പെടുന്നില്ല. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ ഏതു ഘട്ട

ത്തിലാണ് സുറ യൂനുസ് അവതരിച്ചതെന്ന് വ്യക്തമാക്കുന്ന നിവേദനങ്ങൾ ലഭിച്ചിട്ടില്ല. എങ്കിലും മക്കാ ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ പ്രവാചക ശിഷ്യന്മാരുടെ മദീനാ പലായനം ആരംഭിക്കുന്നതിനു മുമ്പായിരിക്കണം ഇതിന്റെ അവതരണമെന്നു കരുതാൻ ന്യായമുണ്ട്. ഇസ്‌ലാമിനോടുള്ള ഖുറൈശികളുടെ വിദ്വേഷം രൂക്ഷമായ സന്ദർഭമായിരുന്നു അത്. വിശ്വാസികൾ മർദന പീഡനങ്ങൾക്കിരയാകുന്നത് നാൾക്കുനാൾ വർധിച്ചുകൊണ്ടിരുന്നു. ഇസ്‌ലാമിനോടുള്ള ഖുറൈശികളുടെ സമീപനത്തിൽ ഉപദേശ നിർദേശങ്ങൾകൊണ്ട് മാറ്റംവരുത്താമെന്ന പ്രതീക്ഷ ഏറക്കുറെ അസ്തമിച്ചു കഴിഞ്ഞു. ഇങ്ങനെയുള്ള ഒരു സാഹചര്യത്തെയാണ് പ്രതിപാദനം പ്രതിഫലിപ്പിക്കുന്നത്. ഹിജ്റയെക്കുറിച്ച് യാതൊരു സൂചനയുമില്ലാത്തതിനാൽ ഹിജ്റ ആരംഭിക്കുന്നതിനു മുമ്പാണിതിന്റെ അവതരണമെന്നും കരുതാം.

ഖുർആന്റെ ക്രോഡീകരണത്തിൽ അൻഫാൽ, തൗബ എന്നീ മദനീ സൂറകൾക്കു ശേഷം യൂനുസ് മുതൽ തുടർച്ചയായി വരുന്ന പതിനാലു സൂറകൾ മക്കീ സൂറകളാണ്. മറ്റ് മക്കീ സൂറകൾ പോലെ ഈ സൂറയുടെയും മുഖ്യ ഉള്ളടക്കം ഏകദൈവത്വം, പ്രവാചകത്വം, പരലോകം തുടങ്ങിയ അടിസ്ഥാന തത്ത്വങ്ങളാണ്. മുൻവിധിയുടെയും പക്ഷപാതിത്വത്തിന്റെയും ആന്ധ്യമില്ലാത്തവർക്ക് അനായാസം ഗ്രഹിക്കാവുന്ന വിധത്തിൽ തൗഹീദിന്റെയും ആഖിറത്തിന്റെയും തെളിവുകൾ വിശദീകരിക്കുന്നു. ഈ തത്ത്വങ്ങളെക്കുറിച്ച് ഉയർന്നു വരാവുന്ന സംശയങ്ങൾ ദൂരീകരിക്കുന്നു. മുഹമ്മദീയ പ്രവാചകത്വത്തെ സംബന്ധിച്ച് അവിശ്വാസികൾ ഉന്നയിക്കുന്ന ആക്ഷേപങ്ങൾക്കും വിമർശനങ്ങൾക്കും മറുപടി പറയുന്നു. സത്യത്തെയും ധർമത്തെയും ധിക്കരിച്ചാൽ മരണാനന്തര ജീവിതത്തിൽ നേരിടേണ്ടി വരുന്ന ഭയാനകമായ ദുരന്തത്തെക്കുറിച്ചു മുന്നറിയിപ്പു നൽകുന്നു. ഭൗതിക സുഖത്തിന്റെ ക്ഷണികതയും ക്ഷുദ്രതയും ചൂണ്ടിക്കാണിക്കുന്നു. ഭൗതിക ജീവിതം ക്ഷണിക സുഖങ്ങളിൽ പാഴാക്കിയാൽ പരലോക യാത്രക്കാവശ്യമായ പാഥേയമൊരുക്കാൻ മറ്റൊരവസരം ലഭിക്കുകയില്ലെന്നും ഉൽബോധിപ്പിക്കുന്നു. ദൈവികമാർഗ ദർശനം തള്ളിക്കളയുന്ന ജനതയുടെ ജീവിതത്തെ പൈശാചികമായ മിഥ്യകളും മൗഢ്യങ്ങളും അധർമങ്ങളും അടക്കിവാഴുമെന്ന് ഉണർത്തുന്നു.

ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ ഭാഗമായി നൂഹ് നബിയുടെയും മൂസാ നബിയുടെയും കഥകൾ പരാമർശിച്ചിരിക്കുന്നു. അതുവഴി അനുസ്മരിപ്പിക്കുന്ന കാര്യങ്ങളിതാണ്; നൂഹിനോടും മൂസായോടും(അ) അവരുടെ ജനതകൾ അനുവർത്തിച്ച നയം തന്നെയാണ് മുഹമ്മദ് നബിയോട് അദ്ദേഹത്തിന്റെ ജനവും അനുവർത്തിക്കുന്നത്. ഈ നയം തുടർന്നാൽ ആ ജനതകളുടെ പരിണതി തന്നെയാണിവരെയും കാത്തിരിക്കുന്നത്. മുഹമ്മദ് നബിയും ശിഷ്യന്മാരും നിരാലംബരാണെന്ന് കരുതരുത്. അവരുടെ ശത്രുക്കൾ എന്നും ശക്തരായി നിലനിൽക്കുമെന്നു വ്യാമോഹിക്കുകയും വേണ്ട. മൂസായെയും ഹാറൂനെയും(അ) പിന്തുണച്ച അല്ലാഹു മുഹമ്മദ് നബിയുടെ പിന്നിലുമുണ്ട്. അവൻ ആരെ എപ്പോൾ എങ്ങനെ പിടികൂടുമെന്ന് അവന്നു മാത്രമേ അറിയൂ. അവൻ പിടികൂടിക്കഴിഞ്ഞാൽ പിന്നെ, മൂസാ(അ)യെ നിഷേധിച്ച ഫറവോൻ പ്രഭൃതികളെപ്പോലെ പശ്ചാത്തപിച്ചു കരഞ്ഞിട്ടു കാര്യമുണ്ടാവില്ല. പ്രതികൂല ചുറ്റുപാടുകളിൽ നിരാശരാവാതെ അല്ലാഹുവിന്റെ സഹായത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ട് പ്രബോധന പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകേണ്ടതെങ്ങനെയെന്ന പാഠം ഈ കഥകൾ പ്രവാചകന്നും ശിഷ്യന്മാർക്കും നൽകുന്നുമുണ്ട്.

പ്രവാചകന്റെ മദീനാ ജീവിതത്തിന്റെ അവസാന ഘട്ടത്തിലവതരിച്ച സൂറകളിലൊന്നായ *അത്തൗബ*യുടെ തൊട്ടുടനെ ഈ മക്കീ സൂറയെ ബന്ധിച്ചതിന്റെ ഔചിത്യം അവ്യക്തമാണ്. പ്രവാചകന്റെ ഗുണങ്ങൾ അനുസ്മരിച്ചുകൊണ്ടാണ് *അത്തൗബ* സമാപിക്കുന്നത്. മനുഷ്യൻ പ്രവാചകനാകുന്നതിനെയും അദ്ദേഹത്തിന് ദിവ്യബോധനം ലഭിക്കുന്നതിനെയും സംബന്ധിച്ച് ഉന്നയിക്കപ്പെട്ട സംശയങ്ങൾക്ക് വിശദീകരണം നൽകിക്കൊണ്ടാണ് *യൂനുസ്* ആരംഭിക്കുന്നത്. *അത്തൗബ*യിലെ അധിക സൂക്തങ്ങളും സംസാരിക്കുന്നത് കപടവിശ്വാസികളെയും ഖുർആനോടുള്ള അവരുടെ നിലപാടിനെയും സംബന്ധിച്ചാണ്. തുറന്ന സത്യനിഷേധികളുടെയും വിഗ്രഹാരാധകരുടെയും നിലപാടുകളും നടപടികളുമാണ് ഈ സൂറയുടെ മുഖ്യ ചർച്ചാ വിഷയങ്ങൾ. അതിനാൽ രണ്ടു സൂറകളുടെയും പ്രമേയങ്ങൾ തമ്മിലുള്ള ബന്ധം വ്യക്തമാണ്. എങ്കിലും ഈ സൂറകളെ അടുത്തടുത്ത് ബന്ധിപ്പിച്ചതിന്റെ കാരണം ഇപ്പറഞ്ഞതുതന്നെ ആയിരിക്കണമെന്നില്ല. ഖുർആൻ സൂറകളുടെയും സൂക്തങ്ങളുടെയും ക്രമീകരണം ദൈവനിർദിഷ്ടമാണ്. നമുക്ക് മനസ്സിലായിട്ടില്ലാത്ത മറ്റു താൽപര്യങ്ങളും അതിലുണ്ടാകാവുന്നതാണ്. കഥകളും വിധിവിലക്കുകളും ഭാവിയും ഭൂതവും ഉപമകളും ഉൽബോധനങ്ങളും കൂട്ടിക്കലർത്തിക്കൊണ്ട് ഖുർആൻ സൂറകളും സൂക്തങ്ങളും ക്രോഡീകരിക്കപ്പെട്ടത്, വായനക്കാരുടെ ശ്രദ്ധയും ജിജ്ഞാസയും നിലനിർത്താനും മടുപ്പും മുഷിപ്പും ഒഴിവാക്കാനുമാണെന്നും ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

1 അലിഫ്-ലാം-റാഅ്. ഇത് ജ്ഞാന സമ്പൂർണമായ വേദസൂക്തങ്ങളാകുന്നു.

2 ജനങ്ങൾക്ക് അത്ഭുതമായിരിക്കുന്നുവോ, ബോധമില്ലാത്തവർക്ക് മുന്നറിയിപ്പും വിശ്വാസികൾക്ക് വിധാതാവിങ്കൽ മഹത്തായ പദവിയുണ്ടെന്ന സുവിശേഷം നൽകുന്നതിനുംവേണ്ടി അവരിൽനിന്നൊരാൾക്ക് നാം ദിവ്യബോധനം നൽകിയത്? ഇയാൾ തെളിഞ്ഞ ആഭിചാരകൻ തന്നെ എന്നല്ലോ അവിശ്വാസികൾ ഘോഷിച്ചത്.

الٓر ۚ تِلْكَ ءَايَٰتُ ٱلْكِتَٰبِ ٱلْحَكِيمِ ﴿١﴾

أَكَانَ لِلنَّاسِ عَجَبًا أَنْ أَوْحَيْنَآ إِلَىٰ رَجُلٍ مِّنْهُمْ أَنْ أَنذِرِ ٱلنَّاسَ
وَبَشِّرِ ٱلَّذِينَ ءَامَنُوٓا۟ أَنَّ لَهُمْ قَدَمَ صِدْقٍ عِندَ رَبِّهِمْ ۗ قَالَ ٱلْكَٰفِرُونَ
إِنَّ هَٰذَا لَسَٰحِرٌ مُّبِينٌ ﴿٢﴾

تِلْكَ= അത്, ഇത് ءَايَٰتُ= സൂക്തങ്ങൾ, ദൃഷ്ടാന്തങ്ങൾ ആകുന്നു

ٱلْكِتَٰبِ ٱلْحَكِيمِ= ജ്ഞാനമുള്ള ഗ്രന്ഥത്തിന്റെ (ജ്ഞാനസമ്പൂർണമായ വേദം) أَكَانَ لِلنَّاسِ= ജനങ്ങൾക്ക് ആയിരിക്കുന്നുവോ?

عَجَبًا= അത്ഭുതം أَنْ أَوْحَيْنَآ= നാം ദിവ്യബോധനം നൽകിയത് إِلَىٰ رَجُلٍ= ഒരാൾക്ക് مِّنْهُمْ= അവരിൽനിന്ന്

أَنْ أَنذِرِ ٱلنَّاسَ= (ബോധമില്ലാത്തവർക്ക് മുന്നറിയിപ്പു നൽകാൻ) ജനങ്ങൾക്ക് മുന്നറിയിപ്പു നൽകുക എന്ന്

وَبَشِّرِ= (നൽകാനും)സുവിശേഷം നൽകുക എന്നും ٱلَّذِينَ ءَامَنُوٓا۟= സത്യവിശ്വാസികളായവർക്ക്

أَنَّ لَهُمْ= അവർക്കുണ്ട് എന്ന് قَدَمَ صِدْقٍ= സത്യമായ യശസ്സ്, മഹത്തായ പദവി

عِندَ رَبِّهِمْ= അവരുടെ വിധാതാവിങ്കൽ قَالَ ٱلْكَٰفِرُونَ= (അവിശ്വാസികൾ ഘോഷിച്ചത്) സത്യനിഷേധികൾ പറഞ്ഞു

إِنَّ هَٰذَا= (ഇയാൾ) ഇത് തീർച്ചയായും لَسَٰحِرٌ= (എന്നല്ലോ) ആഭിചാരകൻതന്നെ مُّبِينٌ= തെളിഞ്ഞ

**1:** സൂറകളുടെ പ്രാരംഭത്തിൽ വരുന്ന ഒറ്റ അക്ഷരങ്ങളെക്കുറിച്ച് നേരത്തെ ഇത്തരം അക്ഷരങ്ങൾ കൊണ്ടാരംഭിക്കുന്ന *അൽബഖറ, ആലുഇംറാൻ, അൽ അഅ്റാഫ്* തുടങ്ങിയ സൂറകളുടെ വിശദീകരണത്തിൽ ചർച്ച ചെയ്തിട്ടുണ്ട്. ഇതിൽ വരുന്ന റാഅ് അറബി അക്ഷരമാലയിലെ 10-ാം അക്ഷരമാണ്. ألا എന്ന ശബ്ദംപോലെ ശ്രോതാക്കളുടെ ശ്രദ്ധ ക്ഷണിക്കുന്ന ശബ്ദമാണിതെന്നും വേറെ അർഥമൊന്നുമില്ലെന്നും ചിലർ പറയുന്നു. അതനുസരിച്ച് മഹത്തായ ഈ പ്രഭാഷണം അല്ലെങ്കിൽ ഗുരുതരമായ ഈ സന്ദേശം ശ്രദ്ധിക്കുവിൻ എന്നാണിതിന്റെ താൽപര്യം. ഇബ്നു ജരീർ, ഇബ്നു മുൻദിർ, ബൈഹഖി തുടങ്ങിയവർ ഉദ്ധരിച്ച ചില നിവേദനങ്ങളിൽ ഇബ്നു അബ്ബാസ്, സഈദ് ബിനുജുബൈർ, ദഹ്ഹാക്ക് എന്നിവർ الٓر ന്റെ അർഥം انا الله ارى (അല്ലാഹുവായ ഞാൻ കാണുന്നു) എന്നാണെന്ന് പ്രസ്താവിച്ചതായി പറയുന്നുണ്ട്. الٓر എന്നീ അക്ഷരങ്ങൾ ٱلرَّحْمَٰنِ എന്നതിന്റെ ചുരുക്കമാണെന്ന് മുഹമ്മദ് ബിൻ കഅ്ബ് പറഞ്ഞതായി അബുശ്ശൈഖും ഉദ്ധരിച്ചിരിക്കുന്നു. تِلْكَ (അത്) എന്നതുകൊണ്ടുദ്ദേശ്യം ഖുർആൻ സൂക്തങ്ങളാണ്. ءَايَٰتُ സ്ത്രീലിംഗ പദമായതുകൊണ്ടാണ് ذَٰلِكَ എന്നതിനു പകരം تِلْكَ എന്നുപറഞ്ഞത്. تِلْكَ യിലെ ك സംബോധനാ ശബ്ദമാണ്. പ്രവാചകനാണ് മുന്നിലുള്ള സംബോധിതൻ. മുന്നിലുള്ള സംഘത്തെ സംബോധന ചെയ്യുമ്പോൾ تلكم എന്നു പറയും.

ٱلْكِتَٰبِ ٱلْحَكِيمِ എന്ന വാക്കിന് 'ജ്ഞാനമുള്ള ഗ്രന്ഥം' എന്നും 'അഭിജ്ഞനിൽനിന്നുള്ള വേദം' എന്നും അർഥമാവാം. ആദ്യത്തെ അർഥമാണ് പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. താൽപര്യമിതാണ്; ഈ വേദത്തിന്റെ മഹത്വവും ആധികാരികതയും ബോധ്യമാകാൻ പുറത്തുനിന്ന് ആരുടെയെങ്കിലും സാക്ഷ്യമോ തെളിവോ ആവശ്യമില്ല. ഇതിലെ സൂക്തങ്ങൾ ഉൾക്കൊള്ളുന്ന അമൂല്യമായ അർഥങ്ങളും ആശയങ്ങളും തന്നെ അതിന്റെ അമാനുഷികതയും അർഥമഹിമയും സുവ്യക്തമായി സാക്ഷ്യപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് മുൻവിധികളും പക്ഷപാതിത്വങ്ങളും മാറ്റിവെച്ച് തുറന്ന മനസ്സോടെ സത്യാന്വേഷണ താൽപര്യത്തോടെ ഈ വേദസൂക്തങ്ങൾ കേൾക്കാൻ തയാറാവുക.

'അഭിജ്ഞനിൽ നിന്നുള്ള ഗ്രന്ഥം' എന്ന് അർഥം കൽപിക്കുമ്പോൾ, ഖുർആന്റെ കാര്യത്തിൽ യാതൊരു സംശയവും വേണ്ട, അത് സർവജ്ഞനായ അല്ലാഹുവിങ്കൽ നിന്നുള്ളതാകുന്നു എന്നാണ് താൽപര്യം.

تِلْكَ ءَايَٰتُ ٱلْكِتَٰبِ (ആ വേദ സൂക്തങ്ങൾ) കൊണ്ടുദ്ദേശ്യം ഖുർആനിനു മുമ്പവതരിച്ച വേദങ്ങളാണെന്ന് ഖതാദ അഭിപ്രായപ്പെട്ടതായി ഇബ്നു അബീഹാതിം ഉദ്ധരിച്ചിട്ടുണ്ട്. അവയൊക്കെ അവതരിപ്പിക്കപ്പെട്ടത് മനുഷ്യരായ പ്രവാചകന്മാർക്കാണ് എന്ന് ഉണർത്തുകയാണ്. അതുപോലുള്ള മനുഷ്യനായ പ്രവാചകനാണ് മുഹമ്മദ് നബിയും. ഇവിടെ ഉദ്ദേശിക്കുന്നത് വിശുദ്ധ ഖുർആൻ സൂക്തങ്ങളാണ് എന്ന വ്യാഖ്യാനമാണ് കൂടുതൽ പ്രചുരവും ആധികാരികവുമായിട്ടുള്ളത്.

**2:** ഈ സൂക്തത്തിന്റെ ശൈലി തന്നെ വ്യക്തമാക്കുന്നുണ്ട്, ഇതവതരിച്ചത് മുഹമ്മദീയ പ്രവാചകത്വത്തിൽ ആളുകൾ അത്ഭുതംകൂറി നിഷേധിച്ചിരുന്ന സാഹചര്യത്തിലാണെന്ന്. നിഷേധിക്കാൻ അവർ കണ്ടെത്തിയ ന്യായം അദ്ദേഹം മനുഷ്യനാകുന്നു എന്നതാണ്. ഖുർആനെ ഒരു ആഭിചാര സൃഷ്ടിയായി വിലയിരുത്തിയവർ അതിൽ പറയുന്ന കാര്യങ്ങളെക്കുറിച്ച് അൽപവും ചിന്തിക്കാൻ തയാറായിരുന്നില്ല. മുഹമ്മദ് ദൈവത്തിന്റെ പ്രവാചകനാണത്രെ! നല്ല കഥ! നമ്മെപ്പോലൊരു സാധാരണ മനുഷ്യൻ പ്രവാചകനാവുകയോ?! അയാൾ ചില വിചിത്രമായ മന്ത്രങ്ങളോതുന്നുണ്ട്. അതുകൊണ്ട് നമ്മെ പറ്റിക്കാൻ നോക്കുകയാണ്. അയാളൊരു തികഞ്ഞ മാന്ത്രികൻ തന്നെയാണ്. ഇമ്മട്ടിലായിരുന്നു അവരുടെ വിലയിരുത്തൽ. ഇബ്നു അബ്ബാസ് പ്രസ്താവിച്ചതായി ഇബ്നു ജരീറും ഇബ്നു മർദവൈഹിയും ഉദ്ധരിക്കുന്നു: മുഹമ്മദ്(സ) പ്രവാചകനായി നിയുക്തനായപ്പോൾ അറബികൾ അതിനെ എതിർത്തു. അവർ പറഞ്ഞു: "മുഹമ്മദിനെപ്പോലെ ഒരു മനുഷ്യൻ തന്റെ ദൂതനായിരിക്കുന്നതിൽനിന്നൊക്കെ എത്രയോ ഉന്നതനാണ് അല്ലാഹു." അതിനു മറുപടിയായിട്ടാണ് أَكَانَ لِلنَّاسِ എന്നു തുടങ്ങുന്ന സൂക്തവും وَمَآ أَرْسَلْنَا قَبْلَكَ എന്നു തുടങ്ങുന്ന സൂക്തവും (*അൽഅമ്പിയാഅ്* 7) അവതരിച്ചത്. ഇങ്ങനെ അല്ലാഹു അവരുടെ വാദം ആവർത്തിച്ചു ഖണ്ഡിച്ചപ്പോൾ അവർ പറഞ്ഞു: "മനുഷ്യൻ പ്രവാചകനാകുമെങ്കിൽ തന്നെ മുഹമ്മദല്ല അതിനർഹൻ. രണ്ടു വൻ നഗരങ്ങളിലുള്ള ഏതെങ്കിലും മഹാപുരുഷന് ഈ ഖുർആൻ അവതരിക്കാതിരുന്നതെന്തുകൊണ്ട്? (*അസ്സുഖുറുഫ്* 31). മുഹമ്മദിനേക്കാൾ പണവും പ്രതാപവുമുള്ള ഒരാളാകേണ്ടിയിരുന്നു പ്രവാചകൻ. മക്കയിലാണ് പ്രവാചകൻ ആഗതനാകുന്നതെങ്കിൽ അത വലീദുബ്നു മുഗീറയായിരിക്കണം. ത്വാഇഫിലാണെങ്കിൽ മസ്ഊദുബ്നു അംറ് അഥ്ഥഖഫിയും." ഇതെപ്പറ്റിയാണ് അല്ലാഹു ചോദിച്ചത്, നിന്റെ നാഥന്റെ അനുഗ്രഹം വിതരണം ചെയ്യുന്നത് അവരാണെന്നോ? (*അസ്സുഖുറുഫ്* 32). അല്ലാഹുവാണേറ്റം അറിയുന്നവൻ."

മൂലത്തിലെ قَدَمَ صِدْقٍ എന്ന വാക്കിനെയാണ് 'മഹത്തായ പദവി' എന്നു തർജമ ചെയ്തിട്ടുള്ളത്. അക്ഷയമായ കീർത്തി, യശോധാവള്യം, അവസാനിക്കാത്ത സൗഭാഗ്യം എന്നിങ്ങനെയും അർഥമാകാം. പാദമാണ് قَدَمَ. കാൽവെപ്പ്, നിൽപ് എന്ന ആശയത്തെ ആസ്പദമാക്കിയാണ് قَدَمَ صِدْقٍ ന് മഹത്തായ പദവി, മഹാ പ്രതാപം എന്നൊക്കെ അർഥമാക്കുന്നതെന്ന് ഭാഷാപ

ണ്ഡിതന്മാർ പറയുന്നു. قَدَمَ എന്ന പദത്തിനു കർമം ചെയ്തു എന്നും അർഥമുണ്ട്. وَنَكْتُبُ مَا قَدَّمُوا وَءَاثَٰرَهُمْ (അവർ ചെയ്ത കർമങ്ങളും അവശേഷിപ്പിച്ച അടയാളങ്ങളും നാം രേഖപ്പെടുത്തുന്നുണ്ട്) എന്ന് സൂറ *യാസീനിൽ* വന്നിട്ടുണ്ടല്ലോ. صِدْقٍ സത്യമാണ്. അടിയുറച്ചത്, ഭദ്രമായത് തുടങ്ങിയ ആശയങ്ങളെക്കുറിക്കാനും ഇത് ഉപയോഗിക്കും. സത്യവിശ്വാസികളുടെ സത്യവും സാധുവുമായ കർമങ്ങളുടെ ഫലമായി ഉന്നതസ്ഥാനം ലഭിക്കും എന്ന അർഥത്തിലുള്ള ഒരു പ്രയോഗമാണ് قَدَمَ صِدْقٍ. വിശ്വാസികൾക്കുള്ള സുവിശേഷമാണിത്. അവിശ്വാസികൾക്കുള്ള താക്കീത് എന്താണെന്ന് ഇവിടെ വ്യക്തമാക്കിയിട്ടില്ല. അവിശ്വാസികൾക്കുള്ളതിന്റെ നേർ വിപരീതം (നിന്ദ്യമായ സ്ഥാനം) ആണ്, അവർക്കുണ്ടാവുക എന്ന് സന്ദർഭത്തിൽനിന്ന് മനസ്സിലാക്കാം. ഇയാൾ തെളിഞ്ഞ ആഭിചാരകൻ തന്നെ - إِنَّ هَٰذَا لَسَٰحِرٌ مُّبِينٌ - എന്ന് അവിശ്വാസികളുടെ ജൽപനത്തിലെന്നപോലെ അത് ഉദ്ധരിക്കുന്നതിലും അത്ഭുതത്തിന്റെ ധ്വനിയുണ്ട്. താൽപര്യമിതാണ്: മനുഷ്യരുടെ പ്രവാചകൻ മനുഷ്യനായിരിക്കുന്നതിൽ അത്ഭുതപ്പെടുന്നതിലും, ഖുർആൻ പോലൊരു വേദത്തെ മാന്ത്രിക കർമമായി കാണുന്നതിലുമാണ് യഥാർഥത്തിൽ അത്ഭുതപ്പെടേണ്ടത്. മനുഷ്യർക്ക് പ്രവാചകനായി മനുഷ്യനെയല്ലാതെ മറ്റാരെയാണയക്കുക?! ഖുർആൻ സൂക്തങ്ങൾ ഉൾക്കൊള്ളുന്ന ആത്മീയ ജ്ഞാനങ്ങളും ധർമശാസനകളും നീതിസാരങ്ങളുമൊക്കെ മനസ്സിലാക്കുന്ന ആർക്കാണ് അതൊരു മന്ത്രവാദിയുടെ വേലയാണെന്ന് പറയാനാവുക! വാസ്തവത്തിൽ ഇക്കൂട്ടർ ഖുർആന്റെ ഉള്ളടക്കത്തെയും അലൗകികമായ ഭാഷാരീതിയെയും കുറിച്ച് അൽപവും ആലോചിക്കാതെ ഓരോ മൗഢ്യങ്ങൾ തട്ടിവിടുകയാണ്. സത്യാന്വേഷണ വാഞ്ഛയോടെ ഈ സൂക്തങ്ങളെ സമീപിക്കുന്നവർക്ക് അതിൽ സത്യജ്ഞാനത്തിന്റെ വെള്ളിവെളിച്ചം കാണാം. ധർമതത്ത്വങ്ങളുടെയും നീതിസാരങ്ങളുടെയും അഗാധതകൾ കാണാം. സത്യവും ധർമവും നീതിയും അറിയാതെ അസത്യത്തിലും അധർമത്തിലും ആണ്ടവരെ അതിൽ നിന്നുണർത്താനും അസത്യത്തിന്റെയും അധർമത്തിന്റെയും ദുഷ്പരിണതിയെക്കുറിച്ചു മുന്നറിയിപ്പു നൽകാനും സത്യം ആഗ്രഹിക്കുന്നവരെ അതിലേക്ക് മാർഗദർശനം ചെയ്യാനുമാണ് ഈ പ്രവാചകൻ ആഗതനായിരിക്കുന്നത്. ■